ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഗാർഹിക വാട്ടർ കണക്ഷനുള്ള നടപടികൾ ലഘൂകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1-8-2013 മുതൽ നിലവിൽ വന്ന ലഘൂകരിച്ച നടപടിക്രമം താഴെപ്പറയുന്നു:

ഗാർഹിക വാട്ടർ കണക്ഷൻ നൽകുവാനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയറിലേയ്ക്ക് മാറ്റി. നേരിട്ടോ, ഓൺലൈൻവഴിയോ വാട്ടർ അതോറിറ്റി ലൈസൻസ് ഉള്ള പ്ലംബർ മുഖേനയോ, വാട്ടർ അതോറിറ്റിയിൽ എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിച്ച് നിശ്ചിത ഫീസടച്ച് വാട്ടർ കണക്ഷൻ എടുക്കാവുന്നതാണ്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുപകരം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആധാർ, എൻ.പി.ആർ., റേഷൻ കാർഡ് എന്നിവ പരിഗണിക്കുന്നതാണ്.

(ബി) കണക്ഷൻ നൽകുവാനുള്ള കാലതാമസം ഒഴിവാകുന്നു. ഉപഭോക്താവിന് സ്വകാര്യ പ്ലംബറിൽനിന്നുള്ള അമിത ചാർജ്ജിംഗ് ഒഴിവാകുന്നു. കാലതാമസം ഒഴിവാകുന്നതിനാൽ കണക്ഷനുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുന്നു. തൽഫലമായി വരുമാന വർദ്ധനവും ഉണ്ടാകുന്നു. കൂടാതെ ഉപഭോക്താക്കളിൽനിന്നുള്ള പരാതികൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(സി) അപേക്ഷ നൽകുന്നവർക്ക് കണക്ഷൻ ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുവാൻ സാധിക്കുന്നു. അതുവഴി കൂടുതൽ ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാനും സാധിക്കുന്നു.

(ഡി) നടപടിക്രമങ്ങൾ ലഘൂകരിച്ച് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ 16-7-2013-ൽ കെ.ഡബ്ല്യു.എ./എച്ച്.ഒ./ആർ.എം.സി./ആർ1-1088/2013-ാം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം

24 (*804) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗങ്ങളിൽ എത്തുന്ന, ഗുരുതരമായി പരിക്കേൽക്കുന്ന രോഗികൾക്ക് പോലും കൃത്യസമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ട പരിചരണം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടേ യുൾപ്പെടെ അത്യാഹിത വിഭാഗങ്ങളിൽ മതിയായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ & ബി) ഉണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുമായി ബന്ധപ്പെട്ട് നിലവിൽ കാഷ്വാലിറ്റി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ചില അവസരങ്ങളിൽ മൃതപ്രായരായി കാഷ്വാലിറ്റിയിലെത്തുന്ന രോഗികൾക്ക് ഐ.സി.യു. ഉൾപ്പെടെ ജീവൻ നിലനിർത്തുന്നതിനുള്ള അടിയന്തരസഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പ്രസ്തുത പ്രശ്നത്തിനുള്ള ശാശ്വത പരിഹാരമായാണ് എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെയും കാഷ്വാലിറ്റി വിഭാഗവുമായി ബന്ധപ്പെടുത്തി എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത വിഭാഗവുമായി ബന്ധപ്പെട്ട് മൾട്ടി ഡിസിപ്ലിനറി ഐ.സി.യു.വും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് തുടങ്ങുന്നതോടുകൂടി അത്യാസന്നനിലയിൽ അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് വെന്റിലേറ്റർ ഉൾപ്പെടെ അടിയന്തര ജീവൻരക്ഷാ ഉപാധികൾ നൽകി ഐ.സി.യു.-വിൽ എത്തിക്കാൻ കഴിയും. ഇതിനുശേഷം ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം ഡോക്ടർമാർ പരിശോധന നടത്തി, ജീവൻ നിലനിർത്തുന്നതിനുള്ള അടിയന്തര ചികിത്സകൾ നൽകിയശേഷം പ്രസ്തുത രോഗിയെ ബന്ധപ്പെട്ട വിഭാഗത്തിലേയ്ക്ക് മാറ്റുന്നതാണ്. തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

സാന്ത്വന ചികിത്സാ സംവിധാനങ്ങൾ

25 (*805) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സാന്ത്വന ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly